വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) വൈദ്യുതിരംഗം സ്വകാര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്ന വൈദ്യുതി ബിൽ 2000-ന്റെ ചർച്ചാവേളയിൽ, ഈ ബില്ലിന്റെ വ്യവസ്ഥകളോട് സംസ്ഥാന ഗവൺമെന്റിന് യോജിപ്പില്ലെന്ന വസ്തുത സംസ്ഥാന വിദ്യുച്ഛക്തി മന്ത്രി കേന്ദ്ര ഊർജ്ജ മന്ത്രി വിളിച്ചു കൂട്ടിയ സമ്മേളനത്തിൽ അറിയിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡ് അൺബണ്ടിൽ ചെയ്യാതെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നും ഉൽപ്പാദനരംഗത്തു മാത്രം സ്വകാര്യമേഖലയെ അനുവദിക്കുന്നതാണ് സംസ്ഥാന സർക്കാരിന്റെ നയമെന്നും പ്രസ്തുത സമ്മേളനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി&ഡി) കേന്ദ്രസർക്കാരിന്റെ സ്വകാര്യവൽക്കരണത്തോട് യോജിപ്പില്ലെന്ന് പശ്ചിമബംഗാൾ, ത്രിപുര സർക്കാരുകളും വടക്കു-കിഴക്കൻ മേഖലാ സംസ്ഥാനങ്ങളും പ്രസ്തുത സമ്മേളനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ മറ്റ് ഔദ്യോഗിക അറിയിപ്പുകളൊന്നും ഉണ്ടായിട്ടില്ല.

(ഇ&എഫ്) കേന്ദ്രഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള "ഇലക്ട്രിസിറ്റി ബിൽ-2000" എന്ന ബില്ലിലെ വ്യവസ്ഥകളെപ്പറ്റിയാണ് ചർച്ച നടന്നത്.

(ജി) ഇത്തരമൊരു ഫണ്ടിനെപ്പറ്റി മേൽപ്പറഞ്ഞ സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി.

(എച്ച്) മാനദണ്ഡങ്ങൾ വ്യക്തമായി നിശ്ചയിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന രീതിയിലുള്ള പുനഃസംഘടന നടത്തുന്ന വൈദ്യുതി ബോർഡുകൾക്കു മാത്രമാണ് ഈ ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതെന്ന് ചർച്ചയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഐ) ഇത്തരം ധനസഹായം സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ചും വൈദ്യുതി രംഗത്തെ പെർഫോമൻസ് പരിഗണിച്ചുമാണ് നൽകേണ്ടതെന്നു സംസ്ഥാന ഗവൺമെന്റ് ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങൾക്ക് സ്വന്തമായി ജലവൈദ്യുത പദ്ധതികൾ

15 (*495) ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ സ്ഥാപനങ്ങൾക്ക് സ്വന്തമായി ജലവൈദ്യുതിപദ്ധതികൾ ആരംഭിക്കുന്നതിന് അനുമതി നൽകാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) എങ്കിൽ ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ ഇതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾക്ക് ഇതിനായി അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്.

ഉള്ളുങ്കൽ (7 മെ.വ), കാരിക്കയം (15 മെ.വാ)	ട്രാവൻകൂർ ഇലകട്രോ സ്മെൽറ്റ്സ്ലിമിറ്റഡ്
കുത്തുങ്കൽ (21 മെ. വാ)	ഇൻഡ്സിൽ ഇലക്ട്രോ സ്മെൽറ്റ്സ് ലിമിറ്റഡ്
ഭൂതത്താൻകെട്ട് (16 മെ. വാ)	സിൽക്കാൽ മെറ്റലർജിക് ലിമിറ്റഡ്
മണിയാർ (12 മെ. വാ)	കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്

(ഇ) വ്യവസായ സ്ഥാപനങ്ങൾക്ക് സ്വന്തമായി ജല വൈദ്യുതപദ്ധതികൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഗവൺമെന്റ് പുതുക്കി നിശ്ചയിക്കാൻ ആലോചിക്കുകയാണ്. ഇതിനായി നിയോഗിച്ച സ്റ്റിയറിംഗ് കമ്മിറ്റി ഇക്കാര്യം ചർച്ച ചെയ്തു റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇത് പരിശോധിച്ചുവരുന്നു.

തൊഴിലാളികൾക്ക് ആനുകൂല്യങ്ങളും പരിരക്ഷയും ഉറപ്പാക്കുന്നതിന് നടപടി

16 (*496) ശ്രീ. കെ. മുഹമ്മദാലി
ശ്രീ. ബി. വിജയകുമാർ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള പരിരക്ഷയും ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ മേഖലയ്ക്കും നിശ്ചയിക്കപ്പെട്ട കുറഞ്ഞ കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly